# 'മാതൃക യേശുക്രിസ്തു'

## 1 പത്രോസ് 2:21

**''അതിന്നായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നതു. ക്രിസ്തുവും നിങ്ങൾക്കു വേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവടു പിൻതുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു.''**

അന്ധകാരത്തിൽനിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാനായിട്ടാണു നമ്മെ വിളിച്ചിരിക്കുന്നത്. തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതി, രാജകീയ പുരോഹിതവർഗ്ഗം, വിശുദ്ധവംശം, സ്വന്ത ജനം എന്നീ പദവികളുംകൂടി തന്നാണു വിളിച്ചത്. ലോകപ്രകാരം ഒരുവന്റെ സൽഗുണങ്ങളെ പുകഴ്ത്തി പറയണമെങ്കിൽ ആ വ്യക്തിയുടെ അനുയായികളായിരിക്കണം. ലോകപ്രകാരമുള്ള കുറെ പദവികളും കൂടെ തരുകയാണെ ങ്കിൽ തീർച്ചയായും ആ വ്യക്തി എന്തുപറഞ്ഞാലും അനുസരിക്കുന്നവരായിരിക്കും.

ഇവിടെ കർത്താവാണു നമ്മെ വിളിച്ചിരിക്കുന്നത്. ഇരുട്ടിൽ കിടന്ന നമ്മെ വെളിച്ചത്തി ലേക്കു കൊണ്ടുവന്നിരിക്കുന്നു. ജീവിതത്തിലെ ഇരുട്ടിന്റെ അവസ്ഥയെ പ്രകാശമാക്കുവാൻ ദൈവത്തിനു മാത്രമെ കഴിയൂ. കർത്താവിന്റെ സൽഗുണങ്ങളെ ഘോഷിപ്പാനാണ് നമ്മെ വിളിച്ചത്. അങ്ങനെയെങ്കിൽ ദൈവമക്കളായ നാം യേശുവിന്റെ അനുയായികളാണ്. യേശു വിന് ശുശ്രൂഷ ചെയ്യുന്നവർ യേശുവിന്റെ ശിഷ്യരാണ്. യേശുവിന് ശുശ്രൂഷ ചെയ്യുന്നവൻ യേശുവിനെ അനുഗമിക്കുന്നവനാണ്. യേശുവിനെ അനുഗമിക്കുക എന്നത് വേദനയും ത്യാഗവും സമർപ്പണവും സ്നേഹവും സേവനവും ഒക്കെയാണ്. ലോകത്തെയും പാപ ത്തെയും വെറുത്ത് സ്വാർത്ഥരഹിതനായി ജീവിക്കുവാനാണ് യേശു ആഹ്വാനം ചെയ്യുന്നത്. കഷ്ടം സഹിക്കുവാൻ ഒരുക്കമല്ലാത്തവർക്ക് ഒരിക്കലും യേശുവിന്റെ ശിഷ്യരാകുവാൻ സാദ്ധ്യമല്ല.

''തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്റെ പിന്നാലെ വരാത്തവനും എന്റെ ശിഷ്യനായിരിക്കു വാൻ കഴിയുകയില്ല'' എന്നാണു കർത്താവ് പറഞ്ഞിരിക്കുന്നത്. കർത്താവിന്റെ അനുയായി കൾക്ക് ഈ ലോകം നൽകുന്നത് കഷ്ടതയും പ്രയാസവുമായിരിക്കും. എന്നാൽ ദൈവം നൽകുന്ന സമാധാനത്തിന്റെയും പ്രത്യാശയുടെയും ഉടമകളായിരിക്കും അവർ.

**യോഹന്നാൻ 12:26** **''എനിക്കു ശുശ്രൂഷ ചെയ്യുന്നവൻ എന്നെ അനുഗമിക്കട്ടെ; ഞാൻ ഇരിക്കുന്നേടത്തു എന്റെ ശുശ്രൂഷക്കാരനും ഇരിക്കും; എനിക്കു ശുശ്രൂഷചെയ്യുന്നവനെ പിതാവു മാനിക്കും.''** കർത്താവ് നമ്മെ വിളിച്ചത് അവൻ ഇരിക്കുന്ന സ്ഥലത്ത്

ഇരുത്താനാണ്. കർത്താവിനു ശുശ്രൂഷ ചെയ്യുന്നവനെയാണ് പിതാവ് മാനിക്കുന്നത്. സാധാരണ മനുഷ്യർ തരുന്ന മാന്യതയല്ല അത്. ഈ ലോകത്തിലെ സകലത്തെയും സൃഷ്ടിച്ചവൻ, നമ്മെ സൃഷ്ടിച്ചവൻ നമുക്കു തരുന്ന മാന്യത എത്ര വലുതാണ്. അതിന്റെ വില ഈ ലോകത്തിലുള്ള ഏതിനെക്കാളും വിലയേറിയതാണ്.

കഷ്ടതയിലും പ്രയാസത്തിലും ശുശ്രൂഷ ചെയ്യുന്ന ദൈവഭൃത്യന്മാരെ ദൈവം മാനിക്കും. ദാവീദിനെക്കുറിച്ച് ദൈവം പറയുന്നത് എന്റെ ഹിതപ്രകാരമുള്ള മനുഷ്യനെന്നാണ്. ദാനിയേലിനോട് പറഞ്ഞത് **''നീ ഓഹരി പ്രാപിപ്പാൻ അന്ത്യകാലത്ത് എഴുന്നേറ്റു വരുമെന്നാണ്''.**

കർത്താവിന്റെ അനുയായികൾ ക്രിസ്തുവിന്റെ സ്വഭാവമുള്ളവർ ആയിരിക്കണം. സ്നേഹവും, ദയയും, ദീർഘക്ഷമയും, സൗമ്യതയും, വിശ്വസ്തതയും ഉള്ളവർ ആയിരിക്കണം. പൗലൊസ് അപ്പൊസ്ഥലൻ പറയുന്നതുപോലെ ''ആർക്കും തിന്മെക്കു പകരം തിന്മ ചെയ്യാതെ സകലമനുഷ്യരുടെയും മുമ്പിൽ യോഗ്യമായതു മുൻകരുതി, കഴിയുമെങ്കിൽ നിങ്ങളാൽ ആവോളം സകലമനുഷ്യരോടും സമാധാനമായിരിപ്പിൻ.'' അവൻ നമ്മെ വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യതയുള്ളവരായിരിക്കണം. നമുക്കു മാതൃകയാക്കുവാൻ അവൻ മാത്രമെയുള്ളു. ഈ ലോകത്തിലുള്ളവരെ മാതൃകയാക്കിയാൽ നാം പലപ്പോഴും പരാജയപ്പെട്ടുപോകും. നമ്മുടെ മാതൃക യേശുക്രിസ്തു ആയിരിക്കട്ടെ.

**പരാമർശം :**

എബ്രായർ 12:2
**വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക.**

**സിസ്റ്റർ ലാലി സലിം ജേക്കബ് പുതുപ്പള്ളി 003**